# പതിനാലാംകേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2622** **17-10-2016 ൽ മറുപടിക്ക്**

**സർക്കാർ ഉത്തരവുകൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി**

| **ചോദ്യം**<br>ശ്രീ. എൻ. ഷംസുദ്ദീൻ | | **മറുപടി**<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ഉത്തരവുകൾ പുറത്തിറങ്ങി 48 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട വകുപ്പുകൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | അതാത് വകുപ്പുകളിൽ നിന്നും പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും, സർക്കുലറുകളും അവ പുറപ്പെടുവിക്കപ്പെടുന്ന സമയം തന്നെ കേരള സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന നിർദ്ദേശം 09-06-2016 ലെ 590/എസ്.സി1/ 2016/പൊ.ഭ.വ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ട്. മന്ത്രിസഭായോഗ തീരുമാനത്തിൻമേലുള്ള ഉത്തരവുകൾ 48 മണിക്കൂറിനുള്ളിൽ പുറപ്പെടുവിക്കണമെന്നും അപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അപ്പോൾ തന്നെ സർക്കാർ വെബ് സൈറ്റിലും വകുപ്പുകൾക്ക് പ്രത്യേക വെബ് സൈറ്റ് ഉണ്ടെങ്കിൽ അതിലും പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ സർക്കാർ നിർദ്ദേശം ഉണ്ടായിട്ടും ഭൂരിഭാഗം വകുപ്പുകളും ഇത് നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചില വകുപ്പുകൾ യഥാസമയം ഉത്തരവുകൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത് പാലിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | (സി) | വിവിധ വകുപ്പുകളിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ യഥാസമയം വെബ് സൈറ്റിൽ ലഭ്യമല്ലെങ്കിൽ അവ അടിയന്തിരമായി ലഭ്യമാക്കാൻ കർശന നിർദ്ദേശം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**